നം: ഇ.എക്സ്.എ4/77912/2012/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം- 695 012
തീയതി: 16/03/2013

# സർക്കുലർ

വിഷയം: എസ്.എസ്.എൽ.സി ഐ.ടി പരീക്ഷ 2013 – വിവിധ കാരണങ്ങളാൽ പരീക്ഷയ്ക്കു പങ്കെടുക്കുവാൻ സാധിക്കാതെ വന്ന പരീക്ഷാർത്ഥികൾക്ക് അവസരം നൽകുന്നതു സംബന്ധിച്ച്–

സൂചന: 21/01/2013–ാം തിയതിയിലെ ഇതേ നമ്പർ സർക്കുലർ.

സൂചന സർക്കുലറിലെ 12–ാം ഖണ്ഡികയിലേക്ക് എല്ലാ ജില്ലാ വിദ്യാഭ്യാ സ ഓഫീസർമാരുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു. 2012 മാർച്ചിൽ എസ്.എസ്.എൽ.സി ഐ.ടി പ്രായോഗിക പരീക്ഷയ്ക്ക് പങ്കെടുക്കുവാൻ കഴിയാതിരുന്ന/പരാജയപ്പെട്ട കുട്ടികൾക്കായി 2013 മാർച്ച് 25–ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ജില്ലയിലെ തിരഞ്ഞെടുത്ത ഒരു പരീക്ഷാകേന്ദ്രത്തിൽ വച്ച് ഐ.ടി പ്രാക്ടിക്കൽ പരീക്ഷ നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ചോദ്യങ്ങൾ അടങ്ങുന്ന സി.ഡി ഉടൻതന്നെ സ്പീഡ് പോസ്റ്റിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ പേരിൽ അയയ്ക്കുന്നതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തെരഞ്ഞെടുത്ത പരീക്ഷാസെന്ററിന് സി.ഡികൈമാറുകയും ഇക്കാര്യം പരീക്ഷാഭവനെ അറിയിക്കേണ്ടതുമാണ്. പരീക്ഷാ നടത്തിപ്പിനുള്ള പാസ്‌വേർഡ് പരീക്ഷാഭവനിൽ നിന്നും ചീഫ് സൂപ്രണ്ടിന് പിന്നീട് നൽകുന്നതാണ്

കൂടാതെ ഫെബ്രുവരി 18 മുതൽ മാർച്ച് 6 വരെയുള്ള തീയ്യതികളിൽ നടത്തിയ 2013 വർഷത്തെ എസ്.എസ്.എൽ.സി ഐ.ടി പരീക്ഷയ്ക്ക് (പ്രാക്ടിക്കൽ & തിയറി) വിവിധ കാരണങ്ങളാൽ പങ്കെടുക്കുവാൻ സാധിക്കാതെ വന്നിട്ടുള്ള സ്കൂൾ ഗോയിങ്ങ് വിഭാഗം പരീക്ഷാർത്ഥികൾ ആരെങ്കിലുമുണ്ടെങ്കിൽ അവർക്കായി പ്രസ്തുത പരീക്ഷാ കേന്ദ്രത്തിൽ വച്ച് പുതിയ സ്കീമിൽ ഐ.ടി പരീക്ഷയും (തിയറി & പ്രാക്ടിക്കൽ) നടത്താവുന്നതാണ്. ഇതിനുള്ള പ്രത്യേക അനുവാദം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകാവുന്നതാണ്.

രണ്ടു വിഭാഗങ്ങൾക്കും പ്രത്യേകം പ്രത്യേകം സി.ഡിയാണുപയോഗിക്കേണ്ടത്.

മാർച്ച് 25ന് നടത്തുന്ന ഈ രണ്ടു വിഭാഗം പരീക്ഷയുടേയും റിസൽട്ട് സി.ഡി. യും പ്രിന്റ് ഔട്ടും "സൂപ്രണ്ട് എ സെക്ഷൻ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം- 695 012" എന്ന വിലാസത്തിൽ അന്നു തന്നെ സ്പീഡ് പോസ്റ്റായി അയയ്ക്കേണ്ടതുമാണ്.

16/3/13
സെക്രട്ടറി

**എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും**